**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **12-02-2025 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.റ്റി. തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ റിട്ടയർ ചെയ്യുന്ന അധ്യാപകരുടെ എണ്ണം എത്ര; ഏതെല്ലാം സ്കൂളുകളിലാണ് റിട്ടയർമെന്റ് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ജില്ലയിൽ 2024-25 അധ്യയന വർഷത്തിൽ എത്ര അധിക ഡിവിഷനുകൾക്കാണ് ശിപാർശ നൽകിയിട്ടുള്ളത്; ഏതെല്ലാം സ്കൂളുകൾക്കാണ് അധിക ഡിവിഷനുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 2024 - 2025 അദ്ധ്യയന വർഷത്തെ അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അനുവദിക്കാവുന്ന അധിക ഡിവിഷനുകളെ സംബന്ധിച്ച് വ്യക്തത വരുകയുള്ളു. |
| (സി) | 2024-25 അധ്യയന വർഷം അനുമതി നൽകിയ അധിക ഡിവിഷനുകൾ ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | 2024 - 2025 അദ്ധ്യയന വർഷത്തെ അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അനുവദിക്കാവുന്ന അധിക ഡിവിഷനുകളെ സംബന്ധിച്ച് വ്യക്തത വരുകയുള്ളു. |
| (ഡി) | 2025 മേയ് 31 ന് കാലാവധി അവസാനിക്കുന്ന എൽ.പി.എസ്.റ്റി. (516/2019) റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് 2025 മേയ് 31 വരെയുള്ള അധ്യാപകരുടെ വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് ഇവ മുൻകൂട്ടിത്തന്നെ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | 31/05/2025 -ൽ ഉണ്ടാകുന്ന വിരമിക്കൽ മൂലമുള്ള ഒഴിവുകൾ സംജാതമാകുന്നത് 01/06/2025 -ന് മാത്രമാണ്. 30/05/2025 -ന് കാലാവധി അവസാനിക്കുന്ന എൽ.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകൾ നികത്താൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കില്ല. എന്നിരുന്നാലും 30/05/2023 -ലെ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളാക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ